<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1750</u> <u>08-10-2021 - ൽ മറുപടിയ്ക്ക്</u>

<u>കെ.എസ്.ആർ.ടി.സി.യിലെ പൊതു സ്ഥലംമാറ്റ ഉത്തരവ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മാനദണ്ഡങ്ങൾ ലംഘിച്ചതിന്റെ പേരിൽ കെ.എസ്.ആർ.ടി.സി.യിലെ പൊതു സ്ഥലംമാറ്റ ഉത്തരവ് മരവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ബസുകൾക്ക് കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരുടെ ലഭ്യത കൃത്യമായി വിന്യസിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2021 ഫെബ്രുവരി മാസം പൊതു സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റപ്പെട്ടവരിൽ വിവിധ കാരണങ്ങൾ പരാമർശിച്ച് ജീവനക്കാർ കോർപ്പറേഷനേയും ബഹു. കേരളാ ഹൈക്കോടതിയെയും സമീപിച്ചു. ഇത്തരം അപേക്ഷകൾ പരിശോധിച്ച് ജീവനക്കാരുടെ അപേക്ഷകൾ നിയമാനുസൃതം പരിഗണിക്കുവാൻ ബഹു. കേരളാ ഹൈക്കോടതി 17-3-2021 തീയതിയിലെ WP(C) No. 4651/2021-ലും അനുബന്ധ കേസുകളിലും ഉത്തരവായിരുന്നു. തുടർന്ന്, 31.03.2021 തീയതിക്കകം പരാതികൾ സമർപ്പിക്കുവാൻ അവസരം നൽകിയിരുന്നു. ഇപ്രകാരം നിയമാനുസൃതവും അനുകമ്പാർഹ തലത്തിലും അനുവദിക്കുവാൻ കഴിയുന്ന ഇളവുകൾ വിവിധ ജീവനക്കാർക്ക് അനുവദിക്കുകയും, ടിയാന്മാരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി ഉണ്ടായ ഒഴിവുകൾ നികത്തുന്നതിന് പുതുതായി ജീവനക്കാരെ സ്ഥലം മാറ്റുന്നതുമായ ഉത്തരവ് 16-09-2021 ൽ പുറപ്പെടുവിച്ചിരുന്നു. മേൽ പരാമർശിച്ച തരത്തിൽ ടി സ്ഥലം മാറ്റ ഉത്തരവിൽ ഉൾപ്പെട്ട വിവിധ ജീവനക്കാർ വീണ്ടും അപേക്ഷകളുമായി സർക്കാരിനെയും കോർപ്പറേഷനെയും സമീപിച്ച സാഹചര്യത്തിൽ 25.09.2021നകം പരാതികൾ സമർപ്പിക്കുന്നതിന് വീണ്ടും അവസരം നൽകിയിരുന്നു. പ്രസ്തുത അപേക്ഷകളിൽ നിയമാനുസൃതവും അനുകമ്പാർഹതലത്തിലും അനുവദിക്കുവാൻ കഴിയുന്ന അപേക്ഷകൾ കൂടി പരിശോധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കാം |

| | | | |
|---|---|---|---|
| | | | എന്ന തീരുമാനം കോർപ്പറേഷൻ കൈക്കൊള്ളുകയും അപ്രകാരം 16-9-2021 ന് പുറപ്പെടുവിച്ച ഉത്തരവ് കരടായി പരിഗണിക്കുവാൻ ഉത്തരവായിരുന്നു. ഇത് സംബന്ധിച്ച റിപ്പോർട്ട് ബഹു. ഹൈക്കോടതി മുൻപാകെ നൽകുകയുണ്ടായി. ഡ്രൈവർ / കണ്ടക്ടർ / മെക്കാനിക്കൽ വിഭാഗം ജീവനക്കരുടെ പൊതു സ്ഥലംമാറ്റ ഉത്തരവ് കോർപ്പറേഷന്റെ 2012-ലെ സേവന വേതന കരാറിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. 16-09-2021-ലെ ഉത്തരവ് ചോർന്നത് സംബന്ധിച്ച് പോലീസിൽ കേസ് നൽകിയിട്ടുണ്ട്. ലഭ്യമാകുന്ന അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സ്ഥലംമാറ്റ നടപടികൾ സുതാര്യമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | സ്ഥലം മാറ്റ നടപടികൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായാണ് കരട് പ്രസിദ്ധികരിച്ച് കുറ്റമറ്റ രീതിയിൽ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ